**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1281** **27-07-2021 - ൽ മറുപടിയ്ക്ക്**

**അരീക്കോട് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) | അരീക്കോട് സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 35-ാമത് ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ മേൽനോട്ടത്തിൽ കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റഡ് പൂർത്തീകരിച്ചിരുന്നു. എന്നാൽ രണ്ട് നിലകളുള്ള പവലിയൻ കെട്ടിടവും അനുബന്ധ ഫുട്ബോൾ കളിസ്ഥലവും അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരുന്നില്ല. രണ്ടാം ഘട്ടത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ നിർവ്വഹണത്തിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ സിൽക്കിനെ ചുമതലപ്പെടുത്തിയിരുന്നു. സിൽക്ക് പ്രസ്തുത പ്രവൃത്തിക്കായുള്ള ഇ-ദർഘാസുകൾ ക്ഷണിച്ചിരുന്നു. എന്നാൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം റീടെണ്ടറുകൾ ക്ഷണിക്കുന്നതിലേയ്ക്കായി നിലവിലെ ദർഘാസുകൾ റദ്ദ് ചെയ്തിരുന്നു. 2016ൽ നൽകിയ രണ്ടാംഘട്ട പ്രവൃത്തികളുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച സ്റ്റേഡിയം അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാത്ത സാഹചര്യത്തിലും 2019ൽ ഉണ്ടായ പ്രളയത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഒരു നില മുങ്ങിപ്പോയതിനാൽ ചെലവേറിയ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സ്റ്റേഡിയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ലഭ്യമായിട്ടില്ല. അരീക്കോട് സ്റ്റേഡിയത്തിലെ രണ്ടാംഘട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ബഹു.മുൻ കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനപ്രകാരം അരീക്കോട് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കായികയുവജനകാര്യ ഡയറക്ടർ, |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് പദ്ധതിക്കു പകരമായി സ്വാഭാവിക പുൽത്തകിടിയും ജലസേചന സൗകര്യവും ഏർപ്പെടുത്തണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ലഭ്യമായിട്ടില്ല. അരീക്കോട് സ്റ്റേഡിയത്തിലെ രണ്ടാംഘട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ബഹു.മുൻ കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനപ്രകാരം അരീക്കോട് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കായികയുവജനകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ മണ്ഡലത്തിന്റെ സമഗ്ര കായിക വികസനത്തിന്റെ ഭാഗമായി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ലഭ്യമായിട്ടില്ല. അരീക്കോട് സ്റ്റേഡിയത്തിലെ രണ്ടാംഘട്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ബഹു.മുൻ കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനപ്രകാരം അരീക്കോട് സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കായികയുവജനകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ